# IV രേഖീയ സംഖ്യകൾ

1. താഴെ കൊടുത്തിരിക്കുന്ന സംഖ്യകളെ ഒരു സംഖ്യാരേഖയിൽ അടയാളപ്പെടുത്തുക.

   10, 11, 9, -7, -5, 6, 3, 0, 2, 1, -6, 4
2. സംഖ്യാരേഖയിൽ -6 എന്ന സംഖ്യയുടെ ഇടതു വശത്ത് 2 യൂണിറ്റ് അകലെയുള്ള സംഖ്യ ഏത്? ......................
3. സംഖ്യാരേഖയിൽ 3 എന്ന സംഖ്യയുടെ വലതുവശത്ത് 4 യൂണിറ്റ് അകലെയുള്ള സംഖ്യ ഏത്?..............................................
4. സംഖ്യാരേഖയിൽ -2 എന്ന സംഖ്യയിൽ നിന്നും 4 യൂണിറ്റ് അകലത്തിലുള്ള സംഖ്യ കൾ ഏവ? ............................
5. സംഖ്യാ രേഖയിൽ 2 എന്ന സംഖ്യയിൽ നിന്ന് 6 എന്ന സംഖ്യയിലേക്കുള്ള അകലം : ..............
6. സംഖ്യാരേഖയിൽ 8 എന്ന സംഖ്യയിൽ നിന്ന് 3 എന്ന സംഖ്യയിലേക്കുള്ള അക ലം:......................
7. സംഖ്യാ രേഖയിൽ - 2ൽ നിന്നും -7 ലേക്കുള്ള അകലം ..........
8. പൂജ്യത്തിൽ നിന്ന് 5 ലേക്കുള്ള അകലം .........
9. പൂജ്യത്തിൽ നിന്ന് -5 ലേക്കുള്ള അകലം .............

> "പൂജ്യത്തിൽ നിന്ന് സംഖ്യയിലേക്കുള്ള അകലമാണ് ആ സംഖ്യയുടെ കേവലവില".

10. സംഖ്യാരേഖയിൽ -10 ഉം 10 ഉം തമ്മിലുള്ള അകലം എത്ര?
11. താഴെ തന്നിരിക്കുന്ന സംഖ്യകളെ പൂജ്യത്തിന്റെ ഇടത്തുള്ളവ, വലത്തുള്ളവ എന്ന രീതിയിൽ തരം തിരിക്കുക:

    2, -7, 5, 9, -1, -1/2, $\sqrt{2}$ , -1/2, $\sqrt{3}$ .....
12. സംഖ്യാരേഖയിൽ 4 കേന്ദ്രമായി ഒരു വൃത്തം വരച്ചപ്പോൾ അത് സംഖ്യാരേഖയെ 9-ൽ ഖണ്ഡിച്ചു. എങ്കിൽ,
    1. വൃത്തിന്റെ ആരം എത്ര?
    2. വൃത്തം സംഖ്യാരേഖയെ ഖണ്ഡിക്കുന്ന മറ്റൊരു ബിന്ദു ഏത്?
    3. വൃത്തത്തിന്റെ ചുറ്റളവ് എത്ര?
    4. വൃത്തത്തിന്റെ വിസ്തീർണ്ണം?
13. $\sqrt{2}$ യൂണിറ്റ് വശമുള്ള സമചതുരം നിർമ്മിക്കുക.
14. $\sqrt{5}$ യൂണിറ്റ് വശമുള്ള സമഭുജത്രികോണം നിർമ്മിക്കുക.
15. $\sqrt{8}$ യൂണിറ്റ് വശമുള്ള സമഷഡ്ഭുജം നിർമ്മിക്കുക.

16. $\sqrt{5}+3$, $2\sqrt{3}$ എന്നിവ സംഖ്യാരേഖയിൽ അടയാളപെടുത്തുക.

17. “പൂജ്യത്തിൽ നിന്ന് -5 ലേക്കുള്ള ദൂരം 5 യൂണിറ്റ് ആണ്” എന്ന പ്രസ്താവനയെ ബീജഗണിത രൂപത്തിലെഴുതുക.

18. സംഖ്യാ രേഖയിലെ ഒരു സംഖ്യയാണ് x എങ്കിൽ,

1. $|x-8|=7$ ന്റെ ആശയം വിശദമാക്കുക.
2. $|x-10|=|x-4|$ ന്റെ ആശയം വിശദമാക്കുക. x ന്റെ വില എത്ര?

19. സമചതുരത്തിന്റെ ഒരു വശത്തിന്റെ അഗ്രബിന്ദുക്കൾ സംഖ്യാരേഖയിലെ-3, 2 എന്നിവ ആയാൽ അതിന്റെ വിസ്തീർണ്ണവം ചുറ്റളവും കാണുക.

20. ഒരു സമഭുജത്രികോണത്തിന്റെ ഒരു വശത്തിന്റെ അഗ്രബിന്ദുക്കൾ സംഖ്യാരേഖയിൽ -3, -10 എന്നീ സംഖ്യകളാണ്. ത്രികോണത്തിന്റെ ചുറ്റളവ് കാണുക.

21. a, b ഇവ രേഖീയ സംഖ്യകളായാൽ

$|a-5|=|a-9|$ ഉം

$|b-7|=|b-3|$ ഉം ആയാൽ $|a-b|$ കാണുക

22. $x=5, y=-2$ ആയാൽ

1. $|x|$ കാണുക
2. $|y|$ കാണുക
3. $|x+y|$ കാണുക
4. $|x+y|$ ഉം $|x|+|y|$ ഉം കണ്ട് താരതമ്യം ചെയ്യുക.